**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3175** **01-03-2023 - ൽ മറുപടിയ്ക്ക്**

**ജലയാനങ്ങൾക്കുള്ള ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ജലാശയങ്ങളിൽ ടൂറിസ്റ്റുകൾക്കായി പ്രവർത്തിക്കുന്ന സ്വകാര്യ വ്യക്തികളുടെ മോട്ടോർ ബോട്ടുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയവയ്ക്ക് ഡി.ടി.പി.സി. ലൈസൻസ് നൽകാറുണ്ടോ; ഉണ്ടെങ്കിൽ 2017 മുതൽ നാളിതുവരെ ഇപ്രകാരം ലൈസൻസ് നൽകിയിട്ടുള്ള ജലയാനങ്ങളുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | **ജലാശയങ്ങളിൽ ടൂറിസ്റ്റുകൾക്കായി പ്രവർത്തിക്കുന്ന സ്വകാര്യ വ്യക്തികളുടെ മോട്ടോർ ബോട്ടുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയവയ്ക്ക് ഡി.ടി.പി.സി. ലൈസൻസ് ബാധകമല്ല.** |
| (ബി) | പ്രസ്തുത ജലയാനങ്ങളിൽ ജൈവ/അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനത്തെ കുറിച്ച് വിനോദസഞ്ചാര വകുപ്പ് പരിശോധന നടത്താറുണ്ടോ; എങ്കിൽ മേൽപ്പറഞ്ഞ കാലയളവിൽ മാലിന്യ സംസ്കരണത്തിലെ പിഴവുകൾ മൂലം നടപടി സ്വീകരിച്ച ജലയാനങ്ങളുടെ എണ്ണവും വിലാസവും ഉൾപ്പെടെയുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ബി) | **ജലയാനങ്ങളിൽ ടോയ് ലെറ്റ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. അതിൽ ഒരെണ്ണം കുമരകത്ത് പ്രവർത്തിച്ചു വരുന്നു. ആലപ്പുഴയിൽ രണ്ട് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നു. മറ്റ് ജൈവ/ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നത് അതാത് നഗരസഭകളുടെ മേൽനോട്ടത്തിൽ വരുന്നവയാണ്. പ്രസ്തുത സംസ്കരണത്തിലെ പിഴവുകൾക്ക് നടപടി എടുക്കുന്നതും അതാത് നഗരസഭകളാണ്.** |

സെക്ഷൻ ഓഫീസർ